**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2853** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഉടുപ്പി- കരിന്തളം 400 kv ലൈനിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഉഡുപ്പി- കരിന്തളം 400 KV ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; | (എ) | കേന്ദ്ര ഊർജ്ജവകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രോജക്റ്റ് കമ്പനി ലിമിറ്റഡ് താരിഫ് ബേസ്ഡ് കോംപറ്റീറ്റീവ് ബിഡ്ഡിങ് (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ പ്രകാരം കരാർ ലഭിച്ച ഉഡുപ്പി കാസറഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനി ആണ് അന്തർ സംസ്ഥാന ശൃംഖലയുടെ ഭാഗമായ നിർദ്ദിഷ്ട 400 കെ.വി ഉഡുപ്പി-കരിന്തളം ലൈനും, കരിന്തളം 400 കെ.വി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് UKTL കമ്പനിയാണ്. ടവർ സ്ഥാപിക്കുന്ന ഭൂമിയുടേയും, ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളുടേയും നഷ്ടപരിഹാരം സംബന്ധിച്ച് ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.<br><br>പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന മുറയ്ക്ക് സ്ഥല ഉടമകളുടെ പരാതികൾക്ക് പരിഹാരം കാണാനും, പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലം ഉടമകൾ പ്രവൃത്തി തടസ്സപ്പെടുത്തിയ സാഹചര്യത്തിൽ മേൽ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയിക്കാമോ? | (ബി) | കേന്ദ്ര ഊർജ്ജവകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രോജക്റ്റ് കമ്പനി ലിമിറ്റഡ് താരിഫ് ബേസ്ഡ് കോംപറ്റീറ്റീവ് ബിഡ്ഡിങ് (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ പ്രകാരം കരാർ ലഭിച്ച ഉഡുപ്പി കാസറഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനി ആണ് അന്തർ സംസ്ഥാന ശൃംഖലയുടെ ഭാഗമായ നിർദ്ദിഷ്ട 400 കെ.വി ഉഡുപ്പി-കരിന്തളം ലൈനും, കരിന്തളം 400 കെ.വി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് UKTL കമ്പനിയാണ്. ടവർ സ്ഥാപിക്കുന്ന ഭൂമിയുടേയും, ലൈൻ |

| | | | |
|---|---|---|---|
| | | | കടന്നുപോകുന്ന സ്ഥലങ്ങളുടേയും നഷ്ടപരിഹാരം സംബന്ധിച്ച് ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.<br><br>പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന മുറയ്ക്ക് സ്ഥല ഉടമകളുടെ പരാതികൾക്ക് പരിഹാരം കാണാനും, പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ